**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 617** **05-10-2021 - ൽ മറുപടിയ്ക്ക്**

**ഓച്ചിറ ക്ഷേത്രോത്സവവുമായി ബന്ധപ്പെട്ട വൈദ്യുതി തടസ്സം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ് | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ ഓച്ചിറ ക്ഷേത്രോത്സവത്തിന് പട്ടുകുറ്റൻ കെട്ടുകാളകളെ കൊണ്ടുവരുന്നതുമൂലം ദിവസങ്ങളോളം വൈദ്യുതി ലഭ്യമല്ലാത്ത അവസ്ഥ പരിഹരിക്കുവാൻ ഭൂമിയ്ക്കടിയിലൂടെ വൈദ്യുത ലൈൻ വലിക്കുന്ന നടപടി വിശദമാക്കാമോ? | (എ) | കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ ഓച്ചിറ ക്ഷേത്രത്തിലെ ഉത്സവത്തിന്, കെട്ടുകാളകളെ കൊണ്ടുവരുന്ന വഴികൾ മുൻകൂട്ടി തീരുമാനിച്ച്, പ്രസ്തുത റൂട്ടുകൾ പരിശോധിച്ച് ആവശ്യമായ സ്ഥലങ്ങളിൽ ലൈനുകൾ അഴിച്ചുമാറ്റി വൈദ്യുതി തടസ്സ സമയ പരിധി കുറയ്ക്കുന്ന പ്രവൃത്തികളാണ് നിലവിൽ നടപ്പിലാക്കിവരുന്നത്. കെട്ട് കാള വരുന്ന റൂട്ടുകളിൽ ഭൂമിയ്ക്കടിയിലൂടെ വൈദ്യുത കേബിൾ സ്ഥാപിക്കുക വഴി പ്രസ്തുത വൈദ്യുതി തടസ്സം കുറയ്ക്കാൻ സാധിക്കുന്നതാണ്. കരുനാഗപ്പള്ളി MLAയും ഉദ്യോഗസ്ഥരുമായി നടത്തിയ യോഗത്തിൽ അമ്പല കമ്മിറ്റിയുമായി ചർച്ച ചെയ്തു കൃത്യമായ റൂട്ടുകൾ നിശ്ചയിക്കാമെന്നാണ് തീരുമാനം ഉണ്ടായത്. കെട്ട് കാള വരുന്ന റൂട്ട് തീരുമാനിച്ച്, ഭൂഗർഭ കേബിളുകൾ സ്ഥാപിക്കുന്നതിനു ആവശ്യമായ തുക ഒടുക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ